**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4560</u>** **<u>01-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സഹകരണ നിക്ഷേപ സമാഹരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | 2016-21 ലെ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ സമാഹരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | 2016-21 ലെ സർക്കാരിന്റെ കാലം മുതൽ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച പരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയിസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിനുകളുടെ ഭാഗമായിട്ടുണ്ട്.<br><br>1. നിക്ഷേപ സമാഹരണ യജ്ഞത്തിന് മുന്നോടിയായി അംഗങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനായി സഹകരണ സംഘങ്ങളിലേയും കേരളാ ബാങ്കിലേയും നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>2. നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകൾക്കും, കേരള സഹകരണ ബാങ്കിനും ടാർജറ്റ് നിർണ്ണയിച്ച് നൽകുകയും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ബന്ധപ്പെട്ട താലൂക്കുകൾക്ക് ടാർജറ്റ് നൽകുകയും ചെയ്തു.<br>3. നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങളും പ്രധാന ജംഗ്ഷനുകളിലും ടൗണുകളിലും ബാനറുകൾ, പോസ്റ്ററുകളും പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. |

4. നിക്ഷേപ സമാഹരണ യജ്ഞത്തിൽ പങ്കെടുക്കുന്ന സംഘങ്ങൾ പ്രധാനപ്പെട്ട ടൗണുകൾ, കവലകൾ, സംഘങ്ങളുടെ കവാടങ്ങൾ എന്നിവിടങ്ങളിൽ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട പരസ്യ ബോർഡുകളും ഹോർഡിംഗുകളും സ്ഥാപിച്ചു.
5. സഹകരണ സംഘം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർ ഭവന സന്ദർശനങ്ങൾ നടത്തുകയും കേരള വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തു.
6. സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സംഘങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും സഹകരണ നിക്ഷേപത്തിന്റെ പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.
7. നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി സഹകരണ വകുപ്പ് മന്ത്രി എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടേയും യോഗം വിളിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
8. പത്ര മാധ്യമങ്ങളിൽ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകി.
9. സംഘങ്ങൾ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് അവയുടെ പ്രവർത്തന പരിധിയിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി.
10. നിക്ഷേപ സമാഹരണ യജ്ഞത്തിന് സംസ്ഥാന വ്യാപകമായി പ്രചാരണം നൽകുന്നതിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി 2024 വർഷം എഫ്.എം റേഡിയോ ചാനലുകൾ, ടി.വി വാർത്താ ചാനലുകൾ, ലോക്കൽ കേബിൾ ചാനലുകൾ, കെ.എസ്.ആർ.റ്റി.സി ബസുകൾ, സിനിമാ തീയേറ്ററുകൾ, പത്രം, സഹകരണ വീഥി മാഗസിൻ, ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ എന്നിവ മുഖേന 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന് വ്യാപകമായ പ്രചാരണം നടത്തി.
11. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവിൽ എല്ലാ ദിവസങ്ങളിലും താലൂക്ക തലത്തിലും ജില്ലാതലത്തിലും സംസ്ഥാന

| | | | |
|---|---|---|---|
| | | | തലത്തിലും സ്വീകരിച്ച നിക്ഷേപത്തിന്റെ പുരോഗതി വിലയിരുത്തുകയും ബന്ധപ്പെട്ടവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. |
| (ബി) | ഈ സർക്കാർ വന്നശേഷം സഹകരണ സ്ഥാപനങ്ങളിലെ കുടിശിക നിവാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ / ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി "നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടി പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. കേരള ബാങ്കിന് 30.06.2024 വരെ |

| | | | |
|---|---|---|---|
| | | | കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ 31.03.2024- ലെ ബാക്കി നിൽപ്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ച് തീർത്ത് നടപടികളിൽ നിന്നും ഒഴിവാകുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന ഗ്യാരന്റി നൽകുന്നകാര്യം പരിഗണിക്കുമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | **കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018**<br><br>1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്.<br><br>വിവിധ കാരണങ്ങളാൽ നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ മറ്റ് വാണിജ്യ ബാങ്കുകളിൽ ലഭിക്കുന്ന പരിരക്ഷ പോലെതന്നെ കേരളാ ബാങ്കിലും 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് DICGC (Deposit Insurance and Credit Guarantee Corporation) യുടെ പരിരക്ഷ നിക്ഷേപങ്ങൾക്ക് ഉറപ്പുവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ